ഇ.എസ്5/2028/2019/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
തീയതി: 28/10/2021

## നോട്ടീസ്

വിഷയം:- ആ.വ.ഡ – ആരോഗ്യ വകുപ്പിലെ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. മോളി ജോസഫിന്റെ സീനിയോറിറ്റി പുനഃക്രമീകരിച്ച് നൽകുന്നതിനുള്ള നോട്ടീസ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

സൂചന :-
1. ഉത്തരവ് നമ്പർ ഇ. എസ്5-2028/2019/ആ.വ.ഡ, തീയതി. 30.09.2021
2. ഉത്തരവ് നമ്പർ ഇ. എസ്5-2028/2019/ആ.വ.ഡ, തീയതി. 27.07.2021
3. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ എ4-11123/21/ആ.വ.ഡ, തീയതി. 25.09.2021 കത്ത്
4. ശ്രീമതി. മോളി ജോസഫ്, ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 സമർപ്പിച്ച അപേക്ഷ

ആരോഗ്യ വകുപ്പിൽ 30.06.2019 വരെയുള്ള കാലയളവിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. മോളി ജോസഫ് ലാബ് ടെക്നീഷ്യൻ ഗ്രേഡ് – 1 സീനിയോറിറ്റി പട്ടികയിലെ റാങ്ക് പുനഃക്രമീകരിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീമതി. മോളി ജോസഫിന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൻ ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 പട്ടികയിൽ റാങ്ക് നം. 7 ആയി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ശ്രീമതി. മോളി ജോസഫിന്; എ. എൻ. ഷീബ, പ്രദീപ്. എസ് എന്നീ ജീവനക്കാരുടെ ഇടയ്ക്കായി 23 A എന്ന സ്ഥാനത്തിനാണ് അർഹത ഉള്ളത്. ആയതിനാൽ 30.06.2019 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് -1 സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. മോളി ജോസഫിന് നൽകിയിരുന്ന റാങ്ക് നമ്പർ 7 റദ്ദ് ചെയ്ത് 23 A എന്ന സ്ഥാനം താൽക്കാലികമായി അനുവദിച്ച് നൽകാൻ തീരുമാനിച്ചിരിക്കുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു

| Sl. No. | Name & PEN No | Date of Birth | Qualification | Existing Rank No in the seniority list Lab Tech. Gr. I as on 30.06.2019 | New Rank No in the seniority list Lab Tech. Gr. I as on 30.06.2019 | Remarks |
|---|---|---|---|---|---|---|
| 1 | A. N. Sheeba, 352469 | 18.04.1969 | SSLC, PDC, MLT | 23 | -- | |
| 2 | Molly Joseph, 270198 | 20.04.1968 | B.Sc, MLT | 7 | 23 A | Rank reassigned from 7 to 23 A |
| 3 | Pradeep. S, 315739 | 30.04.1968 | SSLC, PDC, MLT | 24 | -- | |

മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാരിക്ക് സീനിയോറിറ്റി അംഗീകരിച്ച് നൽകുന്നതിന് ആക്ഷേപമുള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം മേലധികാരി മുഖേന രേഖാമൂലം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ആക്ഷേപം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപം ഒന്നും ഇല്ലായെന്ന നിഗമനത്തിൽ ടി. തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്.

ഒപ്പ്/-
ഡോ. സെമീറ. എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്
1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ശ്രീമതി. മോളി ജോസഫ്, ലാബ് ടെക്നീഷ്യൻ, ജില്ലാ ആശുപത്രി, തൊടുപുഴ
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്